## പാഠം 19

# അനുസരണക്കേട് കാണിച്ച പ്രവാചകൻ

**പാഠോദ്ദേശ്യം** : ദൈവകല്പനകളെ നാം അനുസരിച്ചില്ലെങ്കിൽ ദൈവം നമ്മെ ശിക്ഷിക്കുന്നു

**പാഠഭാഗം :** യോനാ 1–4 അദ്ധ്യായങ്ങൾ

**മനഃപാഠം :** സങ്കീ. 118:10

"നിന്റെ കല്പന വിട്ടു നടപ്പാൻ എനിക്ക് ഇടവരരുതേ"

**പാഠം**

ഒരിക്കൽ ദൈവം യിസ്രയേലിലെ ഒരു പ്രവാചകനായ യോനയോട് പറഞ്ഞു, നീ നിനവെ എന്ന പട്ടണത്തിൽ പോയി പ്രസംഗിക്കണം. അവിടെ ഉള്ളവർ എല്ലാം എന്നെ അനുസരിക്കാതെ വഷളന്മാരായി നീതികേട് ചെയ്യുന്നു. അവർ മാനസാന്തരപ്പെട്ട് തിരിഞ്ഞ് വന്നില്ലെങ്കിൽ 40 ദിവസത്തിനകം ഞാൻ ആ പട്ടണം നശിപ്പിക്കും.

ദൈവം പറഞ്ഞതൊക്കെ 'യോന' കേട്ടെങ്കിലും തന്നെ അനുസരിക്കാതെ കപ്പലിൽ കയറി മറ്റൊരു വഴിക്ക് യാത്ര തിരിച്ചു. കപ്പലിൽ വേറെ യും ധാരാളം യാത്രക്കാർ ഉണ്ടായിരുന്നു. ദൈവകല്പന അനുസരിക്കാഞ്ഞതിന്റെ



## Lesson 19

# THE DISOBEDIENT PROPHET

**Learning Objectives** : God will punish us if we do not obey the commands of God.

**Passage for Study** : Jonah 1-4

**Memory Verse** : Psalm 118:10 – Do not let me stray from your commands

**Lesson**

Once God told a prophet in Israel to go to the city of Nineveh and preach there. The people there were evil and disobedient and involved in doing injustice. If they do not repent of their evil ways, then I will destroy the city in 40 days.

Though Jonah heard the voice of God, he did not obey and boarded a ship headed in another direction. There were many other passengers in that ship. Though Jonah was mindful that he was disobeying God, he went to sleep in the bottom of the ship.

Then the LORD sent a great wind on the sea,

ചിന്താഭാരം യോനയ്ക്ക് ഉണ്ടായിരുന്നെങ്കിലും അദ്ദേഹം കപ്പലിന്റെ അടിത്തട്ടിൽ കിടന്ന് സുഖമായി ഉറങ്ങി. പെട്ടെന്നാണ് അത് സംഭവിച്ചത്. അതിശക്തിയായി കാറ്റ് അടിച്ച് തിരമാലകൾ പൊങ്ങി. കപ്പലിൽ വെള്ളം കയറാൻ തുടങ്ങി. ആളുകൾ നിലവിളിച്ചു.

കപ്പലിന്റെ ഭാരം കുറയ്ക്കുവാൻ അനവധി സാധനങ്ങൾ എടുത്ത് കപ്പലിൽ ഇട്ടു. കപ്പലിൽ ഓടി നടന്ന കപ്പിത്താൻ 'യോന' ഉറങ്ങുന്നതു കണ്ടു. അവനെ വിളിച്ചുണർത്തി. എല്ലാവരും അവരവരുടെ ദൈവത്തോട് പ്രാർത്ഥിച്ചു. ഈ കപ്പലിൽ യാത്ര ചെയ്യുന്ന ആരുടെയെങ്കിലും കുഴപ്പം കൊണ്ടാണ് ഇത് സംഭവിച്ചത്. അതിനാൽ ചീട്ടിട്ട് ആരാണ് അതെന്ന് കണ്ടുപിടിക്കുവാൻ അവർ തീരുമാനിച്ചു. ചീട്ട് യോനയ്ക്ക് വീണു.

and such a violent storm arose that the ship threatened to break up. But Jonah had gone below deck, where he lay down and fell into a deep sleep. The captain went to him and said, "How can you sleep? Get up and call on your god!" Then the sailors said to each other, "Come, let us cast lots to find out who is responsible for this calamity." They cast lots and the lot fell on Jonah.



**നീ ആരാണ്?**
**നീ എവിടെ നിന്നും വരുന്നു?**
**നീ ഏതു ജാതിക്കാരൻ ?**
**നിന്റെ ദൈവം ആര്?**

**Who are you?**
**Where do you come from?**
**From what people are you?**
**Who is your God?**

**നീ ചെയ്ത തെറ്റെന്ത്?**

**This terrified them and they asked, What have you done?**



**ഞാൻ ഒരു എബ്രായൻ**
**കരയും കടലും ഉണ്ടാക്കിയ യഹോവയാണ് എന്റെ ദൈവം**

**Jonah answered, I am a Hebrew and I worship the LORD, the God of heaven, who made the sea and the dry land.**

**ഞാൻ യഹോവയുടെ കല്പന അനുസരിക്കാതെ ഓടിപ്പോന്നു. എന്നെ എടുത്ത് കടലിൽ ഇട്ടുകളയുക. എന്നാൽ ഈ സമുദ്രം ശാന്തമാകും**

**Jonah replied, I am running away from obeying the Lord's command. Pick me up and throw me into the sea," he replied, "and it will become calm.**

അവർ യോനയെ കടലിൽ ഇട്ടു കളഞ്ഞു. പെട്ടെന്ന് കടൽ ശാന്തമായി. കടലിൽ പതിച്ച യോനയെ രക്ഷിക്കുവാൻ ദൈവം ഒരു തിമിംഗലത്തോട് കല്പിച്ചിരുന്നു. തിമിംഗലം യോനയെ വിഴുങ്ങി. തിമിംഗലത്തിന്റെ വയറ്റിൽ കിടന്നുകൊണ്ട് യോന കുറ്റം ഏറ്റുപറഞ്ഞ് ദൈവത്തോട്

The sailors threw Jonah into the sea. The sea became calm. God sent a big fish to save Jonah. The fish swallowed Jonah and he was in the belly of the fish for three days and three nights. While there he prayed to God and

പ്രാർത്ഥിച്ചു. മൂന്നാം ദിവസം തിമിംഗലം യോനയെ കരയ്ക്ക് ഛർദ്ദിച്ചു. ദൈവം പറഞ്ഞതു

repented of his sin. The fish vomited Jonah onto the shore. He went to the city of Nineveh and



പോലെ യോന 'നിനവെയിൽ' പോയി പ്രസംഗിച്ചു. നിനവെ പട്ടണവാസികൾ മാനസാന്തരപ്പെട്ട് ദൈവത്തിന്റെ കോപത്തിൽ നിന്നും രക്ഷപ്പെട്ടു.

preached. The people of the city repented of their sins and God saved them by not destroying them.




1. അനുസരണക്കേട് കാണിച്ച പ്രവാചകൻ?
2. യോന എത്ര ദിവസം മത്സ്യത്തിന്റെ വയറ്റിൽ കിടന്നു?

1. Who was the disobedient prophet?
2. For how many days was Jonah in the belly of the fish?

